| Conducting Hardware Clinic in the remaining centres Start on 20th June to 27th July 2018 | | | | | | |
|---|---|---|---|---|---|---|
| Sl.No. | District | Educational District | School Name | From | To | No of Days |
| 1 | EKLM | Aluva | GBHS Aluva | 20.06.18 | 23.06.18 | 4 |
| 2 | EKLM | Kothamangalam | GGHS Perumbavoor | 23.07.18 | 27.07.18 | 5 |

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.KITE/2017/1522 (6) തീയതി: 22.11.2017

## സർക്കുലർ

**വിഷയം:-കൈറ്റ് - പ്രത്യേക ഹാർഡ്‌വെയർ ക്ലിനിക്കുകൾ നടത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന:- 1. സ.ഉ.(സാധാ). നം.1963/17/പൊ.വി.വ. തീയതി 20.06.2017
2. സ.ഉ.(സാധാ). നം.4390/17/പൊ.വി.വ. തീയതി 15.11.2017

സംസ്ഥാന സർക്കാരിന്റെ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള ഇ-മാലിന്യ നിർമാർജനത്തിനു ശേഷം കെൽട്രോണുമായി ചേർന്ന് ഹാർഡ്‌വെയർ ക്ലിനിക്കുകൾ നടത്തുന്നതിന് വായന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വായന 2 ലെ ഉത്തരവിനനുസരിച്ച മാത്രമാണ് ഹാർഡ്‌വെയർ ക്ലിനിക്കിലേക്ക് ഉപകരണങ്ങൾ എത്തിക്കേണ്ടത്.
2. ഇ-മാലിന്യ നിർമാർജനം പൂർത്തിയാക്കിയ സ്കൂളുകളിലെ ഉപകരണങ്ങളുടെ എണ്ണത്തിനനുസരിച്ച് വിദ്യാഭ്യാസ ജില്ലാതലത്തിലോ രണ്ടോ മൂന്നോ ഉപജില്ലകൾ ചേർത്തോ ക്ലിനിക്കുകൾ സംഘടിപ്പിക്കേണ്ടതാണ്.
3. ക്ലിനിക്കിലേക്ക് കൊണ്ടുപോകുന്ന ഉപകരണങ്ങളിൽ സ്പെസിഫിക്കേഷൻ അനുസരിച്ച് എല്ലാ പാർട്സും ഉണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ട താണ്. ഉപകരണങ്ങളിൽ സ്കൂളിന്റെ പേര് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
4. ഒരു സ്കൂളിൽനിന്ന് പരമാവധി 10 കമ്പ്യൂട്ടറുകളും (ലാപ്ടോപ്പ് ഉൾപ്പെടെ) കേടായ പ്രൊജക്ടറുകളും ഹാർഡ്‌വെയർ ക്ലിനിക്കിലേക്ക് നൽകാവുന്നതാണ്. പ്രൊജക്ടറുകൾ സ്റ്റോക്ക് രജിസ്റ്ററിൽനിന്നും നീക്കം ചെയ്യാതെയാണ് ക്ലിനിക്കിലെത്തിക്കേണ്ടത്. എന്നാൽ ക്ലിനിക്കിലേക്ക് കൊണ്ടുപോകുന്ന കമ്പ്യൂട്ടറുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കുകയും അതിൽ ക്ലിനിക്കിൽനിന്ന് ശരിയാക്കി തിരികെ ലഭിക്കുന്നതും ഇ-മാലിന്യമായി മാറ്റുന്നതും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
5. ഒരു സ്കൂളിൽനിന്നുള്ള ഉപകരണങ്ങളുടെ ഭാഗങ്ങൾ പരസ്പരം മാറ്റി പരമാവധി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതാണ്. ഇത് സാധ്യമാകാത്ത അവസരങ്ങളിൽ വ്യത്യസ്ത സ്കൂളുകളിൽനിന്നുള്ള ഉപകരണങ്ങളുടെ ഭാഗങ്ങൾ പരസ്പരം മാറ്റി യോജിപ്പിച്ച് ശരിയാക്കുന്നതാണ്. ഓരോ സ്കൂളിൽനിന്നുമുള്ള ഉപകരണങ്ങളുടെ എണ്ണത്തിനും ചെലവഴിക്കുന്ന തുകയുടെയും അടിസ്ഥാനത്തിൽ ശരിയാക്കിയ ഉപകരണങ്ങൾ തിരികെ സ്കൂളുകൾക്ക് നൽകുന്നതാണ്. ആയതിനാൽ ഹാർഡ്‌വെയർ ക്ലിനിക്കിലേക്ക് കൊണ്ടുപോകുന്ന ഉപകരണങ്ങളുടെ ഭാഗങ്ങൾ പരസ്പരം മാറ്റി യോജിപ്പിക്കുന്നതിന് ആക്ഷേപമില്ലെന്ന് അതത് സ്കൂൾ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ ജില്ലാ കോർഡിനേറ്റർക്ക് കത്ത് നൽകേണ്ടതാണ്.
6. ഒരു സ്കൂളിൽനിന്നുള്ള കമ്പ്യൂട്ടർ ഭാഗങ്ങൾ പരസ്പരം മാറ്റി യോജിപ്പിച്ച് പ്രവർത്തന ക്ഷമമാക്കാൻ കഴിയാത്തവ ഇ-മാലിന്യമായി മാറ്റുന്നതും ഇതിനുള്ള സർട്ടിഫിക്കറ്റ് ക്ലിനിക്കിൽനിന്ന് സ്കൂളുകൾക്ക് നൽകുന്നതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സ്റ്റോക്ക് രജിസ്റ്ററിനോടൊപ്പം സൂക്ഷിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽനിന്നും പ്രസ്തുത ഉപകരണങ്ങൾ കുറവു ചെയ്യാവുന്നതുമാണ്.

7. ആദ്യഘട്ടത്തിൽ ഹൈടെക് പദ്ധതി നടപ്പിലാക്കുന്ന 8 മുതൽ 12 വരെയുള്ള ക്ലാസുകളിലെയും കൈറ്റിന്റെ ജില്ലാ ഓഫീസുകളിലെയും ഉപകരണങ്ങളാണ് ക്ലിനിക്കിലൂടെ പ്രവർത്തന ക്ഷമമാക്കുന്നത്. അതിനാൽ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ / ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുള്ള ഉപകരണങ്ങളാണ് ക്ലിനിക്കിൽ എത്തിക്കേണ്ടത്.

8. ഒരു കമ്പ്യൂട്ടറിന് പരമാവധി 4000 രൂപയുടെയും ഒരു സ്കൂളിന് പരമാവധി 30000 രൂപയുടെയും ഉപകരണങ്ങൾ മാത്രമാണ് ലഭ്യമാക്കുന്നത്. ആയതിനാൽ പ്രവർത്തന ക്ഷമമാക്കാൻ കഴിയുന്ന പരമാവധി ഉപകരണങ്ങൾ ക്ലിനിക്കിലെത്തിക്കേണ്ടതാണ്.

9. കമ്പ്യൂട്ടർ ഭാഗങ്ങൾ പരസ്പരം മാറ്റി യോജിപ്പിച്ച് കേടുപാടുകൾ തീർക്കാൻ കഴിയാത്തവ സ്പെയർപാർട്സുകൾ പുതുതായി ഉൾപ്പെടുത്തി പ്രവർത്തനക്ഷമമാക്കുന്നതാണ്. അതുവരെ ഇവ അതത് സെന്ററുകളിൽ സൂക്ഷിക്കുവാനുള്ള സൗകര്യം ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ ഒരുക്കേണ്ടതാണ്.

10. ഹാർഡ്‌വെയർ ക്ലിനിക്ക് നടത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്ന സ്കൂളുകളിൽ വൈദ്യുതീകരിച്ച, അടച്ചുറപ്പുള്ള ഒരു ക്ലാസ്മുറി/ഹാൾ ക്ലിനിക്കിനായി പ്രത്യേകം സജ്ജീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ കോർഡിനേറ്റർ ഇത് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

11. കൈറ്റിന്റെ ജില്ലാ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം സ്കൂളുകൾ കേടായ കമ്പ്യൂട്ടറുകൾ ക്ലിനിക്കിൽ എത്തിക്കേണ്ടതാണ്.

12. ക്ലിനിക്കിലേക്ക് നൽകുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും (സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള) വിശദാംശങ്ങൾ ഇതോടൊപ്പം നൽകിയിട്ടുള്ള ഫോർമാറ്റിൽ തയ്യാറാക്കി സ്കൂൾ പ്രഥമാധ്യാപകന്റെ ഒപ്പും ഓഫീസ് സീലും ചേർത്ത് (രണ്ട് കോപ്പി) കമ്പ്യൂട്ടറുകൾക്കൊപ്പം ക്ലിനിക്കിൽ എത്തിക്കുകയും ഒരു കോപ്പി കൈപ്പറ്റ രസീതായി തിരികെ വാങ്ങേണ്ടതുമാണ്.

13. ക്ലിനിക്കിലെ ഹാർഡ്‌വെയർ എഞ്ചിനിയർ സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന ഉപകരണങ്ങളുടെ configuration കൃത്യമായി പരിശോധിച്ച് കൈപ്പറ്റ രസീതിൽ ഉൾപ്പെടുത്തേണ്ടതാണ്. രസീത് സ്കൂളുകൾക്ക് നൽകേണ്ടതാണ്.

14. ഓരോ സെന്ററിലും നിയോഗിക്കുന്ന കെൽട്രോണിന്റെ ഹാർഡ്‌വെയർ എഞ്ചിനീയർക്ക് ക്ലിനിക്ക് നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ അതത് ജില്ലാ കോർഡിനേറ്ററും സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാളും ഉറപ്പുവരുത്തേണ്ടതാണ്.

ജില്ലകളിലെ ഹാർഡ്‌വെയർ ക്ലിനിക്ക് നടക്കുന്ന സെന്ററുകളിൽ ക്രമീകരണങ്ങൾ ഒരുക്കേണ്ട ചുമതല അതതു ജില്ലാ കോർഡിനേറ്റർമാർക്കാണ്. ഓരോ ജില്ലയിലും രണ്ട് മാസ്റ്റർട്രെയിനർമാരെ വീതം ഈ ഹാർഡ്‌വെയർ ക്ലിനിക്കുകൾക്കായി ചുമതലപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലെ ശ്രീ.സി.സജിത് കുമാറിനെ (9446054645) ബന്ധപ്പെടാവുന്നതാണ്.

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി – വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഹയർസെക്കന്ററി ഡയറക്ടർ
വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
കൈറ്റ് ജില്ലാ കോർഡിനേറ്റർമാർ
ഫിനാൻസ് വിഭാഗം, കൈറ്റ്